REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടുപിടിയ്ക്കുന്നു.
- പ്രാദേശിക അഭിലാഷങ്ങളും, ദേശീയ പുരോഗതിയും കണക്കിലെടുത്താണ് ദേശീയ ജനാധിപത്യ സഖ്യം മുന്നോട്ടു പോകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധയകറ്റാൻ കേന്ദ്രം ശ്രമിക്കുകയാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി.
- അരുണാചൽ, സിക്കിം സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ജൂൺ രണ്ടിലേക്ക് മാറ്റി.
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിന്.

## വാർത്തകൾ വിശദമായി

18-ാം ലോക്സഭ തെരഞ്ഞെടുപ്പിന് സംസ്ഥാനത്ത് ഇന്നു മുതൽ കൂടുതൽ ചൂടുപിടിയ്ക്കും. പ്രമുഖ മുന്നണികൾ സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചതോടെ മൽസരരംഗം സജീവമായി. പ്രചാരണം കൊഴുപ്പിക്കാൻ ഒരുങ്ങുകയാണ് മൂന്ന് മുന്നണികളും.

നാളെ പ്രധാനമന്ത്രി വീണ്ടും കേരളത്തിൽ പ്രചാരണത്തിനെത്തും. പാലക്കാട് നഗരത്തിൽ പ്രധാനമന്ത്രി റോഡ് ഷോ നടത്തും. ഇന്ന് കോയമ്പത്തൂരിലെ പൊതുപരിപാടിക്കു ശേഷം നാളെ രാവിലെയാണ് പ്രധാനമന്ത്രി പാലക്കാട്ടെത്തുന്നത്.

ഈ ആഴ്ച അവസാനത്തോടെ വയനാട്ടിലെത്തുന്ന രാഹുൽ ഗാന്ധിക്ക് വൻ വരവേൽപ്പ് നൽകാൻ UDFഒരുങ്ങുകയാണ്. മുഴുവൻ മണ്ഡലങ്ങളിലും മുഖ്യമന്ത്രി പിണറായി വിജയനെ പ്രചാരണത്തിന് എത്തിക്കാനാണ് LDF നീക്കം. UDF പ്രചാരണത്തിന് പ്രതിപക്ഷ നേതാവ് VD സതീശനും, NDA പ്രചാരണത്തിന് BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രനുമടക്കം പ്രമുഖ നേതാക്കൾ നേതൃത്വം നൽകും.

✪✪✪

പ്രാദേശിക അഭിലാഷങ്ങളും, ദേശീയ പുരോഗതിയും കണക്കിലെടുത്താണ് ദേശീയ ജനാധിപത്യ സഖ്യം മുന്നോട്ടു പോകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിനു ശേഷം ആദ്യമായി NDA സംഘടിപ്പിച്ച തെരഞ്ഞെടുപ്പു റാലിയെ ആന്ധ്രാപ്രദേശിലെ പൽനാടു ജില്ലയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

കർഷകരുടെ ചെറിയ ആവശ്യങ്ങൾക്കു പോലും ഗവൺമെന്റ് അർഹിക്കുന്ന ശ്രദ്ധ നൽകി വരികയാണ്. വികസിത ഭാരത ലക്ഷ്യത്തിലേക്ക് രാജ്യത്തെ നയിക്കാൻ ഇരട്ട എൻജിനായി സംസ്ഥാനത്തും, കേന്ദ്രത്തിലും ഒരേ മുന്നണി അധികാരത്തിൽ വരണമെന്ന് തെരഞ്ഞെടുപ്പു യോഗത്തിൽ നരേന്ദ്രമോദി പറഞ്ഞു.

പ്രധാനമന്ത്രി ഇന്ന് മൂന്ന് സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പു പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. രാവിലെ തെലങ്കാനയിലെ ജെഗ്ത്യാലിലും, ഉച്ചകഴിഞ്ഞ് കർണാടകയിലെ ശിവമോഗയിലും പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അദ്ദേഹം വൈകിട്ട് കോയമ്പത്തൂരിൽ റോഡ് ഷോയിലും സംബന്ധിക്കും.

✪✪✪

യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ജനശ്രദ്ധയകറ്റാൻ കേന്ദ്രം ശ്രമിക്കുകയാണെന്ന് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധി കുറ്റപ്പെടുത്തി. ഭാരത് ജോഡോ ന്യായ് യാത്രയുടെ സമാപനത്തിന്റെ ഭാഗമായി മുംബൈ ശിവജി പാർക്കിൽ സംഘടിപ്പിച്ച ഇന്ത്യ സഖ്യത്തിന്റെ റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മാധ്യമങ്ങൾ പോലും അവഗണിച്ച തൊഴിലില്ലായ്മ, പണപ്പെരുപ്പം, കലാപങ്ങൾ, വിദ്വേഷം, കാർഷിക പ്രശ്നങ്ങൾ, അഗ്നിവീർ തെരഞ്ഞെടുപ്പ് തുടങ്ങിയ വിഷയങ്ങൾ ജനങ്ങളിലെത്തിക്കാനാണ് യാത്ര നടത്തിയതെന്ന് അദ്ദേഹം പറഞ്ഞു.

**NCP നേതാവ് ശരത് പവാർ, ശിവസേനാ പ്രസിഡണ്ട് ഉദ്ധവ് താക്കറെ, തമിഴ്നാട് മുഖ്യമന്ത്രിയും DMK നേതാവുമായ MK സ്റ്റാലിൻ തുടങ്ങിയവരും, JMM, RJD, നാഷണൽ കോൺഫറൻസ്, PDP, ആം ആദ്മി നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.**

**✪✪✪**

**പൗരത്വ നിയമ ഭേദഗതി നടപ്പാക്കിയ കേന്ദ്രതീരുമാനത്തെ സിഖ് മത നേതാക്കൾ സ്വാഗതം ചെയ്തു. തീരുമാനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ അഭിനന്ദിച്ച നേതാക്കൾ ഇതിനെതിരായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജരിവാളിന്റെ നിലപാടിനെ രൂക്ഷമായി വിമർശിക്കുകയും ചെയ്തു.**

**✪✪✪**

**അരുണാചൽ, സിക്കിം സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ജൂൺ രണ്ടിലേക്ക് മാറ്റി. നേരത്തെ ജൂൺ നാലിന് ലോക്സഭാ തെരഞ്ഞെടുപ്പ് വോട്ടെണ്ണലിനൊപ്പം, നിയമസഭാ തെരഞ്ഞെടുപ്പിലെ വോട്ടെണ്ണലും നടത്താനായിരുന്നു തീരുമാനം.**

**✪✪✪**

**നാഷണൽ ആയുഷ് മിഷൻ വിവിധ തസ്തികകളിലേക്ക് സംസ്ഥാന/ജില്ലാ അടിസ്ഥാനത്തിൽ ഇന്ന് മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന അഭിമുഖങ്ങളും, എഴുത്ത് പരീക്ഷയും നിർത്തി വെച്ചതായി അറിയിച്ചു.. തെരഞ്ഞെ ടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെ തുടർന്നാണ് പരീക്ഷമാറ്റിയത്. പുതുക്കിയ തീയതികൾ വെബ് സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കും.**

**✪✪✪**

**നാഷണൽ ടെസ്റ്റിംഗ് ഏജൻസി CUET-UG പ്രവേശന പരീക്ഷ മുൻ നിശ്ചയപ്രകാരം മെയ് 15 മുതൽ 31 വരെ നടത്തും. ഇതിൽ മെയ് 20, 25 തീയതികളിൽ ചില സ്ഥലങ്ങളിൽ പൊതു തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. അപേക്ഷകൾ നൽകേണ്ട അവസാന തീയതി ഈ മാസം 26 ആണ്. തിരഞ്ഞെടുപ്പ് തീയതികളുടെ അടിസ്ഥാനത്തിൽ, മെയ് 15 നും 31 നും ഇടയിൽ പരീക്ഷയുടെ സമയക്രമം NTA പ്രഖ്യാപിക്കുമെന്ന് UGC ചെയർമാൻ M ജഗദേഷ് കുമാർ ഡൽഹിയിൽ അറിയിച്ചു.**

✪✪✪

ഇന്ത്യൻ നാവികസേന അറബിക്കടലിൽ നിന്ന് പിടികൂടിയ 35 കടൽക്കൊള്ളക്കാരെ ഇന്ത്യയിലേക്ക് കൊണ്ടുവരാൻ തീരുമാനിച്ചു. സേനാ ദൗത്യത്തിൽ രക്ഷിച്ച ചരക്കുകപ്പലിലെ 17 ജീവനക്കാരെയും ഇന്ത്യയിലെത്തിക്കും. കൊള്ളക്കാർ തട്ടിയെടുത്ത MV റുവെൻ എന്ന കപ്പലും അതിലെ പത്ത് ലക്ഷം ഡോളറോളം വിലവരുന്ന ചരക്കുകളും ഇന്ത്യയിലെത്തിക്കാനും തീരുമാനിച്ചിട്ടുണ്ട്. 40 മണിക്കൂറോളം നീണ്ട ദൗത്യത്തിനൊടുവിലാണ് സൊമാലിയൻ കൊള്ളക്കാർ കീഴടങ്ങിയത്.

✪✪✪

പൂനെ ISIS ഭീകരാക്രമണക്കേസിൽ പ്രതികളായ 11 പേരുടെ നാല് വസ്തു വകകൾ ദേശീയ അന്വേഷണ ഏജൻസി കണ്ടുകെട്ടി. ഭീകരാക്രമണത്തിന് പ്രതികൾ ഫ്‌ളാറ്റുകൾ ഉൾപ്പെട്ട വസ്തുവകകൾ ഉപയോഗിച്ചതായി കണ്ടെത്തിയിരുന്നു.

✪✪✪

1992 ലെ മുംബൈ കലാപത്തിലും 1993ലെ സ്‌ഫോടന ങ്ങളിലും കൊല്ലപ്പെടുകയോ കാണാതാവുകയോ ചെയ്ത വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് നഷ്ടപരിഹാരം നൽകാൻ മഹാരാഷ്ട്ര ഗവൺമെന്റ് നടപടികൾ ആരംഭിച്ചു. 2022 നവംബറിലെ സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടപടി. ജീവൻ നഷ്ടപ്പെടുകയോ കാണാതാവുകയോ ചെയ്തവരുടെ നിയമപരമായ അവകാശികൾ ഒരു മാസത്തിനകം ജില്ലാ ഭരണകൂടങ്ങളെ സമീപിക്കാൻ അഭ്യർത്ഥിച്ച് കഴിഞ്ഞ ദിവസം ഗവൺമെന്റ് കത്ത് നൽകി.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് കിരീടം റോയൽ ചലഞ്ചേഴ്സ് ബംഗലൂരു സ്വന്തമാക്കി. ന്യൂഡൽഹിയിൽ കലാശ പോരാട്ടത്തിൽ ഡൽഹി ക്യാപിറ്റൽസിനെ എട്ടു വിക്കറ്റിനാണ് റോയൽ ചലഞ്ചേഴ്സ് പരാജയപ്പെടുത്തിയത്. ടോസ് നേടി ബാറ്റിങ് തെരഞ്ഞെടുത്ത ഡൽഹി ക്യാപിറ്റൽസ് 113 റൺസിന് പുറത്തായി. റോയൽ ചലഞ്ചേഴ്സിനു വേണ്ടി മലയാളി താരം ആശ ശോഭന രണ്ട് വിക്കറ്റ് വീഴ്ത്തി.

✪✪✪

ജമ്മുകശ്മീരിലെ ദാൽ തടാക തീരത്ത് ആദ്യമായി സംഘടിപ്പിച്ച 'ഫോർമുല -4- കാർ റാലി' മേഖലയുടെ പ്രകൃതിസൗന്ദര്യം ലോകത്തെ അറിയിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. കാറോട്ട മത്സര പ്രേമികൾക്ക് ആവേശമുയർത്തുന്ന ഉയരമേറിയ മത്സരവേദിയായി ശ്രീനഗർ മാറിയെന്ന് സാമൂഹ്യമാധ്യമ പോസ്റ്റിൽ അദ്ദേഹം കുറിച്ചു.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മികച്ച പ്രകടനം കാഴ്ചവെച്ച വയനാട് താരം സജന സജീവന് കൃഷ്ണഗിരി സ്റ്റേഡിയത്തിൽ ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ സ്വീകരണം നൽകി. ചടങ്ങിൽ സജനയ്ക്ക് ഉപഹാരം കൈമാറി.

✪✪✪

I ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FCക്ക് തിരിച്ചടി. കോഴിക്കോട്ട് ഹോം മത്സരത്തിൽ ശ്രീനിധി ഡെക്കാനോട് ഒന്നിനെതിരെ രണ്ട് ഗോളിനാണ് ഗോകുലം പരാജയപ്പെട്ടത്.

ഇന്ന് ഇന്റർ കാശി- ഐസോൾ FC-യുമായി ഏറ്റുമുട്ടും. രാത്രി ഏഴിന് പശ്ചിമബംഗാളിലാണ് മത്സരം.

✪✪✪

പ്രൈം വോളിബോൾ ലീഗിൽ, കാലിക്കറ്റ് ഹീറോസ് ഫൈനലിൽ പ്രവേശിച്ചു. ചെന്നൈയിൽ സൂപ്പർ 5 റൗണ്ടിലെ അവസാന മത്സരങ്ങളിൽ അഹമ്മദാബാദ് ഡിഫൻഡേഴ്സിനോട് പരാജയപ്പെട്ടെങ്കിലും പോയിന്റ് പട്ടികയിൽ ഒന്നാമതെത്തി ഫൈനൽ യോഗ്യത നേടുകയായിരുന്നു.

നാളെ എലിമിനേറ്റർ റൗണ്ടിൽ വിജയിക്കുന്ന ടീമിനെ വ്യാഴാഴ്ച ഫൈനലിൽ കാലിക്കറ്റ് ഹീറോസ് നേരിടും.

✪✪✪

കൊച്ചി സ്വിമ്മതോൺ അൾട്രാ നീന്തൽ മത്സരങ്ങൾ അടുത്ത മാസം 21 ന് പെരിയാറ്റിൽ നടത്തും. ഇന്ത്യൻ നദികളിലെ ഏറ്റവും വലിയ നീന്തൽ മത്സരമായ സ്വിമ്മതോണിൽ 700 ലധികം പേർ പങ്കെടുക്കും. എറണാകുളം DTPC യുടെയും, ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിലാണ് പരിപാടി.

✪✪✪

കൊല്ലം പാർലമെന്റ് മണ്ഡലത്തിലെ UDF സ്ഥാനാർത്ഥി N.K പ്രേമചന്ദ്രന്റെ ചടയമംഗലം നിയോജക മണ്ഡല കൺവൻഷൻ മുസ്ലീം ലീഗ് സംസ്ഥാന സെക്രട്ടറി അബ്ദുറഹിമാൻ രണ്ടത്താണി ഉദ്ഘാടനം ചെയ്തു. UDF മണ്ഡലം ചെയർമാൻ ചിതറ മുരളി അധ്യക്ഷനായിരുന്നു.

നേരത്തെ പുനലൂർ നിയോജക മണ്ഡലം കൺവൻഷൻ RSP സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോൺ ഉദ്ഘാടനം ചെയ്തു.

LDF സ്ഥാനാർത്ഥി മുകേഷിന്റെ പ്രചാരണത്തിന്റെ ഭാഗമായി കൊല്ലം, ഇരവിപുരം, കുണ്ടറ മണ്ഡലങ്ങളിൽ കുടുംബ സംഗമ സദസ്സുകളും, കൺവൻഷനുകളും സംഘടിപ്പിച്ചു.

NDA കൊല്ലം പാർലമെന്റ് മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് BJP ദക്ഷിണ മേഖലാ പ്രസിഡണ്ട് K സോമൻ ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. 10 ജില്ലകളിൽ മറ്റന്നാൾ വരെ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു. പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് വകുപ്പ് അറിയിച്ചു.

✪✪✪

നീലഗിരി വനമേഖലയിലെ കാട്ടുതീ വ്യോമസേനയുടെ സഹായത്തോടെ തമിഴ്നാട് വനം-പരിസ്ഥിതി വകുപ്പ് നിയന്ത്രണ വിധേയമാക്കി. വ്യോമസേനയുടെ ഹെലികോപ്ടറുകൾ രണ്ടു ദിവസങ്ങളിലായി 40,000 ത്തിലേറെ ലിറ്റർ വെള്ളം തീപിടുത്ത മേഖലയിൽ തളിച്ചു. രണ്ടിടങ്ങളിലെ തീ പൂർണമായി അണയ്ക്കാൻ സാധിച്ചുവെന്ന് തമിഴ്നാട് അഡീഷണൽ ചീഫ് സെക്രട്ടറി സുപ്രിയ സാഹു അറിയിച്ചു.

✪✪✪

ഇരുചക്ര വാഹനങ്ങളിലെ അഭ്യാസ പ്രകടനങ്ങൾ തടയാൻ പൊലീസും മോട്ടോർ വാഹന വകുപ്പും ചേർന്ന് നടത്തിയ പരിശോധനയിൽ 26 പേരുടെ ഡ്രൈവിംഗ് ലൈസൻസ് റദ്ദാക്കി. നാലു പേർക്കെതിരെ കേസ്

രജിസ്റ്റർ ചെയ്തു. നാല് ലക്ഷത്തി 70,750 രൂപ പിഴ ഈടാക്കി. ഓപ്പറേഷൻ ബൈക്ക് സ്റ്റണ്ട് എന്ന പരിശോധനയിൽ 32 ഇരുചക്ര വാഹനങ്ങളും പിടിച്ചെടുത്തു.

✪✪✪

ഇടുക്കി മെഡിക്കൽ കോളജിൽ നിന്ന് രോഗിയുമായി പാലായ്ക്ക് പോയ ആംബുലൻസ് മറിഞ്ഞ് രോഗി മരിച്ചു. കട്ടപ്പന സ്വദേശി P K തങ്കപ്പൻ എന്ന 78 കാരനാണ് മരിച്ചത്. അറക്കുളം കുരുതിക്കളത്ത് വൈകിട്ട് മൂന്നരയോടെയായിരുന്നു അപകടം. പരിക്കേറ്റ രണ്ടു പേരെ മൂലമറ്റത്ത് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യൂട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ നൽകേണ്ട അവസാന ദിവസം നാളെയാണ്. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിലാണ് നൽകേണ്ടത്.

✪✪✪